## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 480
29-11-2018-ലെ മറുപടിയ്ക്ക്

## സാലറി ചലഞ്ചിൽ പങ്കെടുത്തവർ

| ചോദ്യം<br>ശ്രീ. കെ. ബാബു | മറുപടി<br>ഡോ. ടി. എം. തോമസ് ഐസക്ക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |
|---|---|
| എ) പ്രളയം തകർത്ത കേരളത്തിന്റെ പുനർനിർമാണത്തിൽ പങ്കാളിയാകുന്നതിനു എത്ര ശതമാനം സർക്കാർ ജീവനക്കാരാണ് ഒരു മാസത്തെ ശമ്പളം നൽകാൻ സന്നദ്ധത അറിയിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | 24.11.2018 ലെ സ്പാർക്കിലെ വിവരം അനുസരിച്ച് 2018 ഒക്ടോബറിൽ ശമ്പളം മാറിയ സംസ്ഥാനത്തെ മൊത്തം സർക്കാർ ജീവനക്കാരിൽ (483733) 277338 പേർ സാലറി ചലഞ്ചിൽ പങ്കെടുത്തു (57.33%).<br>സെപ്തംബർ മാസം സ്പാർക്ക് മുഖാന്തിരം ശമ്പളം വാങ്ങിയത് 4,87,602 പേരാണ്. അതിനെ അപേക്ഷിച്ച് 3869 പേർ കുറച്ചാണ് 24.11.2018 വരെ ശമ്പളം വാങ്ങിയിട്ടുള്ളത്.<br>ഒറ്റത്തവണയായി ഒരു മാസത്തെ ശമ്പളം സംഭാവന നൽകിയ ജീവനക്കാരുടെ എണ്ണം കൃത്യമായി ക്രോഡീകരിക്കപ്പെട്ടിട്ടില്ല. |
| ബി) സാലറി ചലഞ്ചിലൂടെ എത്ര കോടി രൂപയാണ് സർക്കാർ പ്രതീക്ഷിക്കുന്നതെന്നും നിലവിൽ എത്ര കോടി രൂപ ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ; | സർക്കാർ ജീവനക്കാരുടെ ഒരു മാസത്തെ ശമ്പളച്ചെലവിന് തുല്യമായ 2200 കോടി രൂപ സാലറി ചലഞ്ച് മുഖേന സമാഹരിക്കണമെന്നതായിരുന്നു ലക്ഷ്യം. അതേസമയം, ഒരു മാസത്തെ ശമ്പളം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന നൽകുന്ന സാലറി ചലഞ്ച് നിർബന്ധിതമല്ലായെന്നും വിട്ടുനിൽക്കാനുള്ള സ്വാതന്ത്ര്യം എല്ലാവർക്കും ഉണ്ടാകുമെന്നും സർക്കാർ തുടക്കം മുതൽ തന്നെ വ്യക്തമാക്കിയിരുന്നു. പല കാരണങ്ങളാൽ ഒരു മാസത്തെ സാലറി ചലഞ്ചിൽ പങ്കെടുക്കുവാൻ ബുദ്ധിമുട്ടുള്ളവർ വിട്ടു നിന്നിട്ടുണ്ട്.<br>പ്രളയദുരിതാശ്വാസവുമായി ബന്ധപ്പെട്ട് സർക്കാർ ജീവനക്കാരിൽ നിന്നുള്ള സംഭാവന സി.എം.ഡി.ആർ.എഫിനു വേണ്ടി ആരംഭിച്ച ഒരു പ്രത്യേക ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൌണ്ടിലാണ് വരവു വയ്ക്കുന്നത്. പ്രസ്തുത അക്കൌണ്ടിൽ 28.11.2018 വരെ രാവിലെ 10 മണി വരെയുള്ള കണക്കുകൾ പ്രകാരം 488,60,01,029 രൂപ സംഭാവനയായി ലഭിച്ചിട്ടുണ്ട്. |

| | |
|---|---|
| | പൊതുമേഖലാ ജീവനക്കാർ, വിവിധ ഗ്രാന്റ് ഇൻ എയ്ഡ് ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവിടങ്ങളിലെ ജീവനക്കാരുടെ സംഭാവന ബാങ്ക് അക്കൌണ്ടിലാണ് വരവ് വയ്ക്കുന്നത്. ആയത് ഇതിന് പുറമേയാണ്. |
| സി) സാലറി ചലഞ്ചിൽ പങ്കെടുത്ത ജീവനക്കാർക്ക് സർട്ടിഫിക്കറ്റുകളോ മറ്റേതെങ്കിലും തരത്തിലുള്ള മെമന്റോകളോ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ? | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ